DESPATCHED
On 29/06/2020

13-3-20.

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1397*(7)/2015*/**എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **360**/എസ്.ഐ.സി-ജി 6/15)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.എം.ആർ.ബാഹുലേയൻ,**
**മാരിയിൽ വീട്,**
**കുറുപ്പംകുളങ്ങര പി.ഒ.,**
**ചേർത്തല – 688 551.**
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   സെക്രട്ടറി,
   ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്,
   ചേർത്തല തെക്ക്.

2. അപ്പീൽ അധികാരി&
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്,
   ആലപ്പുഴ.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.08.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05.09.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03.10.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 06.11.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 20.12.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 07.01.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.11.2019 വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.ആർ.ബാഹുലേയൻ, 20.12.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 07.01.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1397(7)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ടി അപ്പീലിനും ശരിയായ മറുപടി ലഭിച്ചില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 05.08.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ പ്രസ്താവിച്ചിരിക്കുന്നത്, അനധികൃത നിർമ്മാണ പ്രവൃത്തി സംബന്ധിച്ച് 15.06.2014ന് ടിയാൻ ഒരു പരാതി നൽകിയിരുന്നുവെന്നും അതിന്റെ ഭാഗമായി നടന്ന നടപടികളെക്കുറിച്ച് നിർമ്മാണ പ്രവൃത്തി നടക്കുന്ന കൈംവീട്ടിൽ കാർത്തികേയന്റെ കെട്ടിടത്തിന്റെ അടിത്തറയിൽ നിന്നും കോലോത്ത് കവലയും ചിന്നൻ കവലയും തമ്മിൽ ബന്ധിപ്പിക്കുന്ന പഞ്ചായത്ത് വക റോഡിന്റെ ശരിയായ പൊസിഷനിലുള്ള വീതി നിർണ്ണയിക്കുന്ന അതിർത്തി കല്ലിൽ നിന്നുള്ള അകലം, കെട്ടിടത്തിന്റെ അടിത്തറയിൽ നിന്നും പഞ്ചായത്ത് വക തോടിന്റെ അതിർത്തി കല്ലിലേയ്ക്കുള്ള അകലം എത്രയാണെന്നും ടി രണ്ട് അകലങ്ങളും പഞ്ചായത്ത് കെട്ടിട നിയമം പാലിക്കുന്നുണ്ടോയെന്നുമാണ്. ആയതിന് 05.09.2014ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ 21.06.2014ലെ പരാതിയിൽ ബന്ധപ്പെട്ട വാർഡിന്റെ ചുമതലയുള്ള ഫീൽഡ് സ്റ്റാഫ് മുഖേന അന്വേഷണം നടത്തിയിരുന്നുവെന്നും അന്വേഷണത്തിൽ പരാതിക്കാധാരമായ കെട്ടിട നിർമ്മാണം നടക്കുന്ന സ്ഥലത്തിന്റെ അതിരുകൾ വ്യക്തമായും കൃത്യമായും അറിയുവാൻ കഴിയാതിരുന്നതിനാൽ ടി സ്ഥലത്തിന്റെ അളവുകളോട് കൂടിയ ലൊക്കേഷൻ സ്കെച്ച് നൽകാനാവശ്യപ്പെട്ട് ചേർത്തല വടക്ക് വില്ലേജ് ഓഫീസർക്ക് 08.07.2014ന് കത്തു നൽകിയിരുന്നുവെന്നും മറുപടി ലഭിക്കാത്തതിനാൽ 13.08.2014ന് ആയത് സംബന്ധിച്ച് ഒരു ഓർമ്മക്കുറിപ്പും നൽകിയിരുന്നുവെന്നുമാണ്. എന്നാൽ നാളിതുവരെയായും ടി കത്തുകൾക്കൊന്നും യാതൊരു

മറുപടിയും ലഭിക്കാത്തതിനാൽ ടി വിഷയം സംബന്ധിച്ച് തുടർ നടപടികളെടുക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും ടിയാന്റെ 13.08.2014ലെ അപേക്ഷയിൽ പറയും പ്രകാരം ടി കെട്ടിടത്തിന്റെ അടിത്തറയിൽ നിന്നും റോഡിലേയ്ക്കും തോടിലേയ്ക്കുമുള്ള അകലം സംബന്ധിച്ച വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും വില്ലേജ് ഓഫീസിൽ നിന്നും വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ടിയാന്റെ പരാതിയിൽ തുടർ നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ ആക്ഷേപമുന്നയിച്ച് സമർപ്പിച്ച ഒന്നാം അപ്പീലിന് 06.11.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയും ആയതിന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയും വിശദമായി പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങളാണ് ടിയാന് നൽകിയതെങ്കിലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒരിയ്ക്കൽ കൂടി വ്യക്തമായി പരിശോധിച്ചും ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധിച്ചും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് എസ്.പി.ഐ.ഒ.യുടെ പക്കൽ ലഭ്യമായ വിവരങ്ങളും വില്ലേജ് ഓഫീസറിൽ നിന്നും ശേഖരിച്ചു നൽകേണ്ട വിവരങ്ങളും അടിയന്തിരമായി ശേഖരിച്ചും കൃത്യമായ മറുപടി 10 ദിവസത്തനികം ഹർജിക്കാരന് സൗജന്യമായി നൽകുന്നതിന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 19.11.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി നൽകിയിട്ടുണ്ടെന്നും ലൊക്കേഷൻ സ്കെച്ചാണ് ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും ആയത് ലഭ്യമല്ലെന്ന് മറുപടി നൽകിയിട്ടുണ്ടെന്നും 2015ൽ ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നുമാണ്. എന്നാൽ നിലവിലുള്ള വിവരങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് തയ്യാറാക്കി 7 ദിവസത്തിനകം കമ്മീഷനിൽ സമർപ്പിക്കണമെന്നും പകർപ്പ് ഹർജിക്കാരനും അയച്ചു നൽകണമെന്നും നിർദ്ദേശം നൽകിയതു പ്രകാരം 02.12.2019ന് സമർപ്പിച്ച റിപ്പോർട്ടിൽ ചേർത്തല വടക്ക് വില്ലേജ് പരിധിയിൽ റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ചേർത്തല തെക്ക് പഞ്ചായത്ത് ചേർത്തല വടക്ക് വില്ലേജ് സർവ്വെ നമ്പർ 67/26-ൽപ്പെട്ട 3.64 ആർസ് വസ്തുവിന്റെ അളവുകളോടുകൂടിയ ലൊക്കേഷൻ സ്കെച്ച് ലഭ്യമല്ല എന്ന് 27.11.2019ലെ 371/19 നമ്പർ കത്തു പ്രകാരം അറിയിച്ചിട്ടുണ്ടെന്നുമാണ്. ടി റിപ്പോർട്ടിന്റെയും രേഖകൾ

പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 13–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Gc/

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★